/152523/2023

**File No :LR/847/2021-LR(N1)-Part(1)** Date:27-09-2023

**e-Office CRU ID** :- cru.lrctvm@kerala.gov.in

**ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ നടപടിക്രമം**

**(ഹാജർ :Arjun Pandian IAS )**

ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം, പബ്ലിക് ഓഫീസ് ബിൽഡിംഗ്

തിരുവനന്തപുരം,പിൻകോഡ് :-695033

മെയിൽ ഐ ഡി :- lrcommissioner@gmail.com

**വിഷയം :-** ചെയിൻ സർവ്വേ പരിശീലനം - പരിശീലന പരിപാടിയിൽ നിന്ന് ജീവനക്കാരെ ഒഴിവാക്കി നടപടിക്രമം പുനഃ ക്രമീകരിച്ച് ഉത്തരവാകുന്നു.

**സൂചന :-**

1. 21-09-2023 ലെ ഇതേ നമ്പർ നടപടിക്രമം.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 27-09-2023 ലെ TLK-TVM/5990/2023- A2.
3. ഇടുക്കി ജില്ലാ കളക്ടറുടെ 25-09-2023 ലെ DCIDK/10/2023 -A2 നമ്പർ കത്ത്.
4. കോഴിക്കോട് ജില്ലാ കളക്ടറുടെ 23-09-2023 ലെ DKKD/11659/2023 -A2 നമ്പർ കത്ത്.
5. തൃശ്ശൂർ ജില്ലാ കളക്ടറുടെ 23-09-2023 ലെ DCTSR/28/2023 - A2 നമ്പർ കത്ത്.
6. പാലക്കാട് ജില്ലാ കളക്ടറുടെ 26-09-2023 ലെ DCPKD /14/2023- A1 നമ്പർ കത്ത്.
7. വയനാട് ജില്ലാ കളക്ടറുടെ 26-09-2023 ലെ DCWYD/188/2023 - A8 നമ്പർ കത്ത്.
8. കാസർഗോഡ് ജില്ലാ കളക്ടറുടെ 27-09-2023 ലെ DCKSGD/3130/2023 -A4 നമ്പർ കത്ത്.

സൂചന (1) പ്രകാരം ചെയിൻ പരിശീലനത്തിനായി നിയോഗിച്ചവരിൽതിരുവനന്തപുരം കേന്ദ്രത്തിൽ ക്രമ നം. 2 യായി നിയോഗിച്ച ശ്രീ. മണികണ്ഠൻ എസ്. താത്കാലികമായി പരിശീലനം പരിത്യജിക്കുന്നതിന് സൂചന (2) പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ക്രമ നം. 28 ആയി നിയോഗിച്ച ശ്രീമതി. കവിത മോൾ യു.കെ. വകുപ്പ് വിട്ടു പോയതായും, ക്രമ നം. 39യായി നിയോഗിച്ച ശ്രീമതി. ബ്രിന്ദ എൻ. എന്നിവർ താൽകാലികമായി പരിത്യജിക്കുന്നതിന് അപേക്ഷ സമർപ്പിച്ചതായി സൂചന (3) , സൂചന (4 ) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. സൂചന (1 ) പ്രകാരം തൃശ്ശൂർ കേന്ദ്രത്തിൽ നിയോഗിച്ചവരിൽ ക്രമ നം. 4 ആയി ശ്രീമതി. കാർത്തിക എ.ജി, ക്രമ നം. 9 ആയി നിയോഗിച്ച ശ്രീമതി. ഷിനി.എ.ബി, ക്രമ നം. 16 ആയി നിയോഗിച്ച ശ്രീമതി. ആർദ്ര ആനന്ദൻ, ക്രമ നം. 18 ആയി നിയോഗിച്ച ശ്രീ. മുരുകൻ.കെ, ക്രമ നം. 22 ആയി നിയോഗിച്ച ശ്രീ. രാജീവ് കെ.ടി , ക്രമ നം. 25 ആയി നിയോഗിച്ച ശ്രീ. അഖിൽ പി.എ. എന്നിവർ സൂചന (4 ), (5 ),(6 ),(7 ) പ്രകാരം പരിശീലനം പരിത്യജിക്കുന്നതിനുള്ള അപേക്ഷ അതാത് ജില്ലാ കളക്ടർ മുഖേന സമർപ്പിച്ചിട്ടുണ്ട്. ക്രമ നം. 36 ആയി നിയോഗിച്ച ജിൻസി ജേക്കബ് , ക്രമ

നം. 37 ആയി നിയോഗിച്ച എന്നിവർ ചെയിൻ സർവ്വേ പരിശീലനം പൂർത്തീകരിച്ചതായി സൂചന (8 ) പ്രകാരം റിപ്പോർട്ട് ചെയിതിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ശ്രീ. മണികണ്ഠൻ എസ്, ശ്രീമതി. കവിത മോൾ യു.കെ, ശ്രീമതി. ബ്രിന്ദ എൻ, ശ്രീമതി. കാർത്തിക എ.ജി, ശ്രീമതി. ഷിനി.എ.ബി, ശ്രീമതി. ആർദ്ര ആനന്ദൻ, ശ്രീ. മുരുകൻ.കെ, ശ്രീ. രാജീവ് കെ.ടി, ശ്രീ. അഖിൽ പി.എ. എന്നിവർക്ക് പരിശീലനം പരിത്യജിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു. പരിശീലനം പരിത്യജിച്ച വിവരം 14-11-2019 എൽ. ആർ .എൻ1 1002/2019 പരിപത്രത്തിലെ നിർദേശങ്ങൾക്കനുസൃതമായി ടിയാളുകളുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. ടിയാളുകൾക്ക് പകരം ചുവടെ ചേർക്കുന്ന ക്ലാർക്ക് / വി.എ തസ്തികയിലെ പരിശീലനാർത്ഥികളെ അവരുടെ പേരിനു നേരെ സൂചിപ്പിച്ചിട്ടുള്ള പരിശീലന കേന്ദ്രത്തിൽ ചെയിൻ സർവേ പരിശീലനത്തിനായി നിയോഗിച്ചും 21-09-2023 ലെ ഉത്തരവ് ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ഭേദഗതി ചെയ്തും ഉത്തരവാകുന്നു.

<u>**തൃശ്ശൂർ പരിശീലന കേന്ദ്രം**</u>

| ക്രമ നം. | പേര് | പെൻ നം. | ജില്ല | റിമാർക്സ് |
|---|---|---|---|---|
| 1 | **റ്റോജിൻ ഡെൻസൺ** | 794186 | **ഇടുക്കി** | |
| 2 | **ജയലക്ഷ്മി.പി** | 879177 | **പാലക്കാട്** | |
| 3 | **വിഷ്ണു യു.വി.** | 924510 | **എറണാകുളം** | |
| 4 | **ശ്രീനേഷു കെ.വി.** | 419280 | **കോഴിക്കോട്** | |
| 5 | **ശ്രീജിത്ത് എൻ.കെ.** | 124992 | **കോഴിക്കോട്** | |
| 6 | **ബിജു പി.കെ.** | 419280 | **കോഴിക്കോട്** | |

തൃശ്ശൂർ പരിശീലന കേന്ദ്രത്തിൽ നിയോഗിക്കപ്പെട്ടവർ അസിസ്റ്റന്റ് ഡയറക്ടർ സർവേ റേഞ്ച് ഓഫിസ്, തൃശ്ശൂർ മുമ്പാകെയും 29-09-2023 ന് രാവിലെ 10 മണിക്ക് ഹാജരാകണമെന്ന നിർദ്ദേശത്തോടെ ബന്ധപ്പെട്ട ഓഫീസ് മേലധികാരി/ജില്ലാ കളക്ടർ വിടുതൽ ചെയ്യേണ്ടതാണ്. ജീവനക്കാർ ഇതിനു മുമ്പ് സർവ്വേ പരിശീലനം നേടിയിട്ടില്ലന്ന് ഓഫീസ് മേലധികാരി / ജില്ലാ കളക്ടർ ഉറപ്പു വരുത്തേണ്ടതും പരിശീലനത്തിന് നിയോഗിക്കപ്പെട്ട വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതുമാണ്. മേൽ പരാമർശിച്ച ജീവനക്കാരെ പരിശീലനത്തിനായി വിടുതൽ ചെയ്ത വിവരവും, ഇവർ പരിശീലനത്തിന് ഹാജരായ വിവരവും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഈ കാര്യലയത്തിൽ അറിയിക്കേണ്ടതാണ്.

**Arjun Pandian IAS, JC** (CLR), O/O Joint Commissioner CLR

**പകർപ്പ് :** 1. ഡയറക്ടർ, സർവ്വെയും ഭൂരേഖയും വകുപ്പ്, തിരുവനന്തപുരം,

2 ഡയറക്ടർ, ഐ.എൽ.ഡി.എം. പി.ടി.പി. നഗർ, തിരുവനന്തപുരം,

3. അസിസ്റ്റന്റ് ഡയറക്ടർ, സെൻട്രൽ സർവ്വേ ഓഫീസ്, തിരുവനന്തപുരം

4. അസിസ്റ്റന്റ് ഡയറക്ടർ, സർവ്വേ റേഞ്ച് ഓഫീസ്, തൃശ്ശൂർ

5. ജില്ലാകലക്ടർ,തിരുവനന്തപുരം, ഇടുക്കി,എറണാകുളം,തൃശ്ശൂർ, കോഴിക്കോട്, വയനാട്, കാസർഗോഡ്.

6. നോഡൽ ഓഫിസർ, സ്റ്റേറ്റ് ഐ.ടി സെൽ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

7. കരുതൽ ഫയൽ

Signed by Arjun Pandian
as
Date: 27-09-2023 15:54:01